# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25 — 26.09.2011-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

### പുതുക്കിയ ബഡ്ജറ്റിൽ നിന്നും ഒഴിവാക്കിയ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2011-12 സാമ്പത്തിക വർഷത്തിലേക്കായി മുൻസർക്കാർ പ്രഖ്യാപിച്ച റോഡ് വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികൾ ഈ സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | മുൻ സർക്കാർ പത്തു വർഷം കൊണ്ട് അൽബറാക്ക് എന്ന പലിശരഹിത ധനകാര്യസ്ഥാപനം വഴി നടപ്പാക്കാനുദ്ദേശിച്ച 40,000 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി പ്രായോഗികമല്ലെന്നു കണ്ട് അതിന്റെ നടത്തിപ്പിലേയ്ക്കായി 2011-12 സാമ്പത്തിക വർഷം RBDCK, KRF എന്നീ സ്ഥാപനങ്ങൾക്ക് വായ്പയിനത്തിൽ നൽകിയിരുന്ന 1000 കോടി രൂപ ഭേദഗതി ബജറ്റിൽ കുറവ് ചെയ്തിട്ടുണ്ട്. അതിനുപകരമായി അഞ്ചു വർഷം കൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട 1000 കി. മീ. റോഡുകളെങ്കിലും നിലവാരം ഉയർത്തുവാൻ 5100 കോടി രൂപയുടെ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് രൂപവൽക്കരിക്കുന്നതാണ്. ഇതിലേക്കായി ഭേദഗതിപത്രികപ്രകാരം 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സുപ്രധാന റോഡുകൾക്കും പാലങ്ങൾക്കും മുൻഗണനാ ക്രമമനുസരിച്ച് ഭരണാനുമതി നൽകുന്നതിനായി 125 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ